# LIT BITS


Kerala Infrastructure and Technology for Education
little
KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
നമ്പർ : LK/2018/12067
ഗവ.ഹൈസ്കൂൾ, പാണത്തൂർ
0467 2227050

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ






ജി എച്ച് എസ് പാണത്തൂർ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റല് മാഗസിൻ , സ്കൂളിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും സർഗ്ഗാത്മക കഴിവുകളെ ഉണർത്താൻ പ്രചോദനമായി.ഐ ടി മേഖലയിൽ കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കാൻ നേതൃത്വം നൽകുന്ന കൈറ്റിന് നന്ദി അറിയിക്കുന്നതോടൊപ്പം കുട്ടികളുടെ **LIT BITS (Literature bits)** എന്ന മാഗസിന് എല്ലാവിധ ആശംകൾ..................

**നോബിൾ മാത്യു**

ഹെഡ് മാസ്റ്റർ

**ജി എച്ച് എസ് പാണത്തൂർ**

# എഡിറ്റോറിയൽ ബോർഡ്




വൈശാഖൻ കെ ആർ

റോബിൻ റോയി

അരുണിമ ഒ പി

ഫാത്തിമത്ത് സ അദിയ

ഫാത്തിമത്ത് ബസീമ

ജോബിഷ് വി കെ (അധ്യാപകൻ)

ഷീബ കെ (കൈറ്റ് മിസ്ട്രസ്)

## കുഞ്ഞെഴുത്തിനൊരു മുഖക്കുറി......

കുഞ്ഞുങ്ങൾ വളരുമ്പോൾ അവർക്കു ചുറ്റുമുള്ള ലോകവും കൂടി വളരുന്നുണ്ട്. അവയെ വിസ്മയത്തോടെ നോക്കി നിൽക്കുന്ന ഒരു കുട്ടി എല്ലാ ഭൂപടങ്ങളിലുമുണ്ട്. ഇങ്ങനെ നോക്കി നിൽക്കുമ്പോൾ, നിരീക്ഷിക്കുമ്പോൾ ഈ ലോകത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്ന ശാസ്ത്രവും സാഹിത്യവും കലകളുമൊക്കെ അവരുടേതു കൂടിയായിത്തീരുന്നുണ്ട്. അവയെയൊക്കെ വാക്കുകൾ ഉച്ചരിക്കുന്ന കാലം മുതൽ തങ്ങളുടേതാക്കി മാറ്റാനുള്ള പ്രയത്നം കൂടിയാണ് ഏതൊരു കുഞ്ഞു ജീവിതവും. പഴയ ഗുരുകുല വിദ്യാഭ്യാസത്തിലെ ഗുരുവും കുട്ടിയും എന്ന സങ്കൽപ്പം തന്നെ ഇപ്പോൾ ഇല്ലാതായി. കുട്ടിയുടെ മുന്നിൽ ലോകം മുഴുവൻ പടർന്നു കിടക്കുന്ന സാങ്കേതിക വിദ്യയുടെ വലിയ ഒരു ഗുരു ഇന്റർനെറ്റിന്റെ രൂപത്തിലുണ്ട്. അതുമായി നിരന്തരം വിനിമയത്തിലേർപ്പെടാത്ത കുഞ്ഞുങ്ങളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരികയാണ്. കുട്ടികളുടെ ലോകം എല്ലാ അർത്ഥത്തിലും ഇപ്പോൾ 'ഇ' ലോകമായി. അവരുടെ വിദ്യാ ലോകവും ഇപ്പോൾ 'ഇ'- ലോകം തന്നെ. സ്കൂളിലെ ക്ലാസ് ജീവിതവും സൈബർ ലോകവുമായുള്ള വിനിമയം കൂടിയാണ്. കുട്ടികളുടെ സർഗാത്മക വിചാരങ്ങൾ ഇ-മഷിയായി പരിണമിച്ച ഇ- കാലത്ത് പാണത്തൂർ ജി.എച്ച്എസിലെ കുട്ടികളും ലിറ്റിൽ കൈറ്റ്സിന്റെ പിന്തുണയോടെ ഇ - ലോകത്തിന്റെ ഭാഗമാവുകയാണ്. ഞങ്ങളുടെ കുട്ടികളും ഈ ലോകത്ത് നിന്നാർജിച്ച ജീവിതബോധത്തിൽ നിന്നുണരുന്ന ഭാവനയെ ഭാഷയുടെയും വരകളുടെയും സൂക്ഷ്മ ലോകങ്ങളിലാക്കി അടുക്കി വെക്കുകയാണിവിടെ.ഈ ഇടത്തിൽ നിന്ന് ഒപ്പം ചേർന്നു നടക്കുന്നവരുടെയും ഒപ്പം വിനിമയത്തിൽ ഏർപ്പെടുന്നവരുടെയും കൂടി ഭാവനാ ഭൂപടം വിശാലമാക്കാൻ ഈ കുഞ്ഞെഴുത്തുകൾക്കും വരകൾക്കും കഴിയട്ടെ എന്നാശംസിക്കുന്നു.

# This prestigious institution released a magazine

Titled " LIT BITS " by the life kites students.
We all know that this magazine will be historical document of our school. This magazine iniparts the future generation of the students about the tradition built up their school .
This valuable publication is the opportunity that the students show their creative talent. This magazine is surely the window to the activities our school. The aim in our mind is the sprouting of hidden IT talents of students. The pages of this magazine shows how dedicated the students are in doing it. The modern technical word totally changed the tradition concept of the classroom method. Technology touched the hook and nook one school and the students are technical experts. This only magazine proves it page by page. It is not in the words lie the significance of our magazine, but the pages will prove it. This e-magazine is a mirror reflecting the creativity of the young minds of the school. I hope that En devour would continue in the future as well i convey any sincere felicitation to the school for its efforts in shaping the young minds and developing them to blossom as a responsible citizen.

BEST WISHES..................

NISHA V P
HST(ENG)

# അമ്മ എന്ന സത്യം

ഒൻപത് മാസവും ഒൻപത് ദിവസവും ഒൻപത് മണിക്കൂറും നിന്നെ വയറ്റിൽ ചുമന്നവൾ. നിന്നെ കാണാൻ നോമ്പ് നോറ്റ് കാത്തിരുന്നവൾ. നീ കണ്ണ് തുറന്നതോടെ അമ്മയെന്ന പുണ്യം നുകർന്നവൾ. നീ വളർന്ന് വളർന്ന് വാനോളം ഉയർന്നു.

നിന്നെക്കുറിച്ച് നല്ല നല്ല സ്വപ്നങ്ങൾ അമ്മയും കണ്ട് തുടങ്ങി. നീ കഴിക്കാതെ അവരും കഴിച്ചിരുന്നില്ല . നീ മെലിഞ്ഞപ്പോൾ അവരും മെലിഞ്ഞു. നിനക്കുവേണ്ടി ത്യാഗങ്ങളും കഷ്ടപ്പാടുകളും സഹിച്ചു. ജീവിത ആദ്യാക്ഷരം നീ കുറിച്ചപ്പോൾ അമ്മയും സന്തോഷിച്ചു. വിദ്യ നീ അഭ്യസിച്ചു എന്നാൽ ജീവിതം പഠിക്കാൻ മറന്നു പോയി. ജീവിത പച്ചപ്പ് നേടി നീ പോയപ്പോൾ നീ സ്വപ്നം കണ്ടത്പോലെ സമ്പാദിക്കാൻ തുടങ്ങി. പക്ഷേ തിരക്കിനിടയിൽ നിൻെ എല്ലാ സൗഭാഗ്യങ്ങൾക്കും കാരണമായ അമ്മയെ മറന്ന് തുടങ്ങി. നിൻെ സന്തോഷങ്ങൾക്കെല്ലാം കാരണം അമ്മയുടെ സ്വപ്നമാണെന്ന സത്യം നീ അറിഞ്ഞില്ല. നാട്ടിലെ അവരുടെ ചിന്തകളെ പോലും നിനക്ക് വെറുപ്പായി തുടങ്ങി. വയസ്സ് കാലത്ത് നിൻെ കൂടെ ജീവിക്കാൻ ആഗ്രഹിച്ചപ്പോൾ നീ അവൾക്ക് നൽകിയതോ വൃദ്ധ മന്ദിരവും. അവിടെയും നിനക്ക് വേണ്ടി അവർ പ്രാർത്ഥിച്ചു.നിന്നോടൊപ്പം ആഘോഷിക്കേണ്ട വിശേഷ ദിവസങ്ങൾ നിറക്കണ്ണുകളോടെ അവർ വരവേറ്റു. മറ്റുള്ളവരോട് നിന്നെക്കുറിച്ച് വാനോളം പുകഴ്ത്തി സംസാരിച്ചു.

പരാതി ഇല്ലാതെ അവർ തനിയെ യാത്ര ചെയ്ത് അവർ ഒര് ആയുസ്സ് മുഴുവൻ തീർത്തു. ഒടുവിൽ നീ എന്ന വിഷമം ബാക്കിയാക്കി ഈ ലോകം വിട്ട് പിരിഞ്ഞു. എല്ലാം മനസ്സിലാക്കി നീ ഓടി എത്തുമ്പോഴേക്കും ഒന്ന് ഉറക്കെ കരയാൻ പോലുമാവാതെ നിനക്ക്

നിൽക്കേണ്ടി വരും. അപ്പോൾ ജീവനില്ലാത്ത ആ വസ്തു പോലും നിനക്കായ് പ്രാർത്ഥിക്കുന്നു എന്ന സത്യം തിരിച്ചറിയുക.

പകരം വെക്കാനില്ലാത്ത പുണ്യമാണ് അമ്മ എന്ന സത്യം തിരിച്ചറിയുക. അമ്മയ്ക്ക് പകരം അമ്മ മാത്രം. ആ കണ്ണുകൾ നിറയാതിരിക്കട്ടെ. അമ്മയെന്ന പുണ്യം നഷ്ടപ്പെട്ടവർ അവർ ഇഷ്ടപ്പെടുന്നവരെ സഹായിച്ച് സ്നേഹിച്ച് അവരുടെ ആത്മാവിനെ പ്രീതിപ്പെടുത്തുക. ആ പുണ്യം ഉള്ളവർ എത്രയോ ഭാഗ്യവാൻമാർ ആ കണ്ണുടയും അവരെ വാരി പുണരുക. നഷ്ടപ്പെട്ട് കഴിഞ്ഞിട്ട് വിലപിച്ചിരുന്നിട്ട് കാര്യമില്ല എന്ന് തിരിച്ചറിയുക. നമ്മളും ആ കാലഘട്ടത്തിലേക്ക് യാത്രച്ചെയ്യുന്നവരാണെന്ന തിരിച്ചറിവ് ഉണ്ടാവുക. നാം എത്ര ഉന്നതിയിലെത്തിയാലും നമ്മെ കൈപ്പിടിച്ച് നടത്തുന്നവരോട് ആദരവ് പുലർത്തുക മാതാ പിതാ ഗുരു ദൈവം എന്ന സത്യം തിരിച്ചറിയുക.



# സ്വപ്നത്തിലെ നിലവിളി

പണ്ട് പണ്ട് അങ്ങ് ദൂരെ ചെറിയ ഗ്രാമത്തിൽ നീതിമാനും ബുദ്ധിമാനുമായ ഒരു രാജാവുണ്ടായിരുന്നു .ആ ഗ്രാമത്തിലെ ജനങ്ങളുടെ ദൈവമായിരുന്നു ആ രാജാവ് . അങ്ങനെ അങ്ങനെ ഒരു ദിവസം ആ രാജാവിന്റെ കല്ല്യാമം അടുത്തുവന്നു അതി സുന്ദരിയും ബുദ്ധിശാലിയുമായ ഒരാളെ കല്ല്യാണം കഴിച്ചു. വളരെ ആർഭാട പൂർവ്വം ആ കവ്യ്യാണം നടന്നു പോയി ഒരുപാട് വർഷങ്ങൾക്ക് ശേഷം അവർക്കൊരു പൊന്നോമനയുണ്ടായി. അങ്ങനെ ആകുട്ടിക്ക്
ആറ് ഏഴ് വയസ്സ് പ്രായമായി അഛനെയും അമ്മയെയും പോലെ അവനും ബുദ്ധിമാനായിരുന്നു.അവന്റെ പേര് സുവർണ്ണൻ എന്നായിരുന്നു . അങ്ങനെ ഒരുപാട് രാവും പകലും കടന്നു പോയി. അവൻ പള്ളികുടങ്ങളിലേക്ക് പോകാൻ തുടങ്ങി. പന്നീട് അവൻ മുതിർന്ന് അച്ചനെ പേലെ നല്ലനിലയിലെത്തി. അവർക്ക് രരൊറ്റമോനായിരുന്നു സുവർണ്ണൻ. അവൻ തന്റെ അച്ചന്റെയു അമ്മയുടെയും മനം കാത്തു. ഒരു ദിവസം ജോലിക്കായി അങ്ങ് ദൂരെ പോയി അച്ചനും അമ്മയും പന്നീട് ഒറ്റക്കായതു പോലെയായി . അമ്മ അവനെ ഒരുപാട് സ്നേഹിച്ചും ലാളിച്ചുമാണ് വളർത്തിയിരുന്നത്

അവൻ പന്നീട് വലിയ നിലയിലെത്തി. അമ്മ അവനെ വിളിച്ചു കൊണ്ടിരുന്നു. അവന്റെ അച്ഛൻ അങ്ങ് ദൂരെ മറ്റൊരു രാജ്യത്തിൽ കൊട്ടാരം കെട്ടി അവരിരുവരും സന്തോഷ പൂർവ്വം ജീവിച്ചു.അതിനിടയിൽ അമ്മ പറഞ്ഞു നമുക്ക് നമ്മുടെ മകനെ കാണാനായി അവന്റെ ജോലിസ്ഥലത്തു പോകാമെന്ന്. എന്നാൽ അച്ചൻ പറഞ്ഞു അതൊക്കെ പന്നീടാവാമെന്ന് . അച്ചനും അമ്മയും പ്രായമായി. അങ്ങനെ ഒരു ദിവസം തന്റെ മകനെ കാണാനായി ജോലിസ്ഥലത്തേക്ക് പോയി അവൻ അവൻ അവിടുത്തെ രാജാവായിരുന്നു. അവൻ അമ്മയോടും അച്ചനോടും ഒരു കാര്യം പറഞ്ഞു ഇവിടുത്തെ സുന്ദരിയും ബുദ്ധിമതിയുമായ കുട്ടിയെ എനിക്ക് വളരെ ഇഷ്ടമാണെന്ന്. അവർ ഇത് സാധിച്ചു കൊടുത്തു പന്നീട് അച്ചനും അമ്മയും വീട്ടിലേക്ക് തിരിച്ചു പോയി. അങ്ങനെ ഒരു ശുഭമായ രാത്രിയിൽ തന്റെ അമ്മ മരിക്കുന്നതായും അച്ചൻ മരിക്കുന്നതായും സ്വപ്നം കണ്ട് അവൻ ഉറക്കെ നിലവിളിച്ചു. എല്ലാവരും വന്നു കൂടി പന്നീട് രാവില ആകുമ്പോൾ തന്റെ സ്വപ്നം ശരിയായി അവന്റെ അച്ചനും അമ്മയും മരണമടഞ്ഞു.അവൻ വളരെ സങ്കട പൂർവ്വം വീട്ടിലെത്തി ചിതയ്ക്ക തീ കൊളുത്തി.

പാടങ്ങളിൽ........

പറമ്പുകളിൽ........

ചെമ്മൺ പാതകളിൽ.....

ഇടവഴികളിൽ...

ഇരുട്ടിനെകീറിമുറിച്ച്.....

ഒരു സംസ്കാരത്തിന്റെ

അവശേഷിപ്പുകളുമായ്...

നാം സൃഷ്ടിക്കുന്ന

പുതിയ സാംസ്കാരിക

ഒളിയിടങ്ങളിൽ

അത് വെളിച്ചം പടർത്തട്ടെ

തലമുറകളിൽ

സംഭരിക്കപ്പെട്ട ഊർജ്ജം

ഒരു ജനതയുടെ

മഹാമൗനങ്ങൾക്കുമേൽ

ഉഗ്രസ്വരമായി ഉയർന്നുയരട്ടെ........

# അടമഴക്കാലം

ഓരോ അടമഴക്കാലവും ഇങ്ങനൊക്കെ തന്നെ കനത്ത കുളിരിന്റെമുള്ള് കാൽനഖത്തെ കുത്തിച്ചുംബിക്കുമ്പോ-ൾ അമ്പു കോരുവല മടക്കി മാടം കയറുന്നു.അലക്കി പീഞ്ഞിയ പാവാട പിഴിഞ്ഞ് അനിയത്തി മഴയെ പ്രാകുന്നു

രാത്രിമഴ മുറ്റത്ത് അലറുമ്പോൾ കരളുറുത്ത് ചുരം കയറി പോയോന്റെ ഓർമ്മകളിൽ നനഞ്ഞ് ഞാൻ മൂക്കുപിഴിയുന്നു

പുലരുമുന്നേ പണിതേടിപ്പോയ അച്ഛന്റെകണ്ണുകൾ ഇടവഴി കയറിവന്ന് കൈ മലർത്തുന്നു . വറുതി വേവുന്ന പാത്രങ്ങൾ അമ്മ ഇറയത്തെ വെള്ളത്തിൽ കഴുകി കമത്തി വെക്കുന്നു എന്നും ഗതികേടുകളുടെ ഒലിപ്പുവെള്ളത്തിൽ പിന്നെയും ഞാനെന്റെ പ്രതീക്ഷകളുടെ ഒടക്കുചൂണ്ട നീട്ടിയെറിയുന്നു

കടത്തിന്മേൽ കടം കയർത്തു പെയ്യുന്ന ഞങ്ങളുടെ എല്ലാ അടമഴക്കാലവും ഇങ്ങനൊക്കെ തന്നെ......

# എന്റെ ചിന്ത



"മുൻതലമുറകളെ വിലയിരുത്തിയ നിങ്ങളെ
വിലയിരുത്തിയ നിങ്ങളെ പിൻതലമുറകൾ
വിലയിരുത്തും"

- കെ.ആർ.വൈശാഖൻ


Fathimath Saadiya
Sa-adiya
Sa-adiya
Sa-adiya
Sa-adiya
Sa-adiya



# പിന്നിലേക്കോരെത്തിനോട്ടം

ഇരുപതും മുപ്പതും നാൽപ്പതും പിന്നിട്ടു
അറിയാതെ വന്നെത്തി അൻപതും അറുപതും
ഗഥകാലസ്മരണകൾ ഓരോന്നും ഇതാ
ഉമ്മറക്കോലയിൽ തേഞ്ഞു മാഞ്ഞു

പുലരിയിൽ വിരിയുന്ന പൂവിൻ സുഗന്ധം
തൊടിയിലായെങ്ങും പരന്നു നീങ്ങി
മണമുള്ള മാരുതൻ പാടുമാ പാട്ടന്ന്
മന്ദഹാസത്തോടെ കേട്ടു നിൽപ്പൂ

കാവും കളവും തൊടിയും കടന്നെത്തി
കഥകൾ പറഞ്ഞിട്ടും ചെറുകിളികൾ
കുട്ടികൾ കൂട്ടമായ് കളിയും ചിരിയുമായ്
ഓടിക്കളിക്കും നാലുകെട്ടും

ചിങ്ങനിലാവും തുലാമഴയും നൽകി
ആനന്ദ രാവുകൾ ഏറെ അന്ന്
വിഷുപക്ഷി മൂളുന്നമേടപ്പുലരികൾ
ഉല്ലാസപൂത്തിരി പൊൻവെട്ടമായ്

കർക്കിടക വാവും കൂരിരുട്ടും പിന്നെ
കൂട്ടനു മിന്നാമിനുങ്ങുകഴും
അങ്ങനെ ഓരോ ദിനങ്ങളും താണ്ടി
ഇന്നീ എഴുപതിൽ എത്തി നിൽക്കെ

കാലം കടന്നുപോയ്.....കോലങ്ങളും മാറി
കൂട്ടത്തിൽ ഓർമ്മകൾ മാത്രമായി
പെറ്റിട്ടമക്കളും യാത്രയായ വേഗം
കാലത്തിന്റ ഗതിരഥത്തിൽ.

കുഞ്ഞുമക്കളെ  കൊഞ്ചിച്ചീടാനായ്
കൊതിയോടെതേങ്ങുന്ന എൻ ഹൃദയം
എന്നെ തനിച്ചാക്കി പോയവരെയെല്ലാരും
ഓരോ  കുടുംബമായ്  ദൂരെ ...ദൂരെ
എഴപതുപേറിയ ഇന്നെന്റെ കൂട്ട്
ഓർമ്മതൻ കുമ്പാര ചെപ്പുമാത്രം



# മങ്ങിയ കാഴ്ച്ചകൾ

സിറിൾ നടുക്കേപുരയിൽ

കാലം മാറുമ്പോൾ കോലവും മാറണം എന്ന പഴമൊഴി ആധുനീക മനുഷ്യരെക്കുറിച്ച് പറയുമ്പോൾ യാഥാർത്ഥ്യമായിരിക്കുന്നു.മാനുഷീക മൂല്യങ്ങളും സ്നേഹബന്ധങ്ങളും തകർന്നടിയുന്ന ആധുനീക യുഗത്തിലാണല്ലോ നാമിന്ന് ജീവിക്കുന്നത്.

രക്തം വാർന്ന് മരണത്തിലേക്ക് അടുക്കുന്ന സഹോദരങ്ങളെ റോഡരികിൽ കണ്ടാൽ ഓടിയൊളിക്കുന്ന യന്ത്രമായി മാറി നാം. അന്യന്റെ ക്വട്ടേഷൻ വാങ്ങി സുഖസൗകര്യങ്ങളിലേക്ക് നാം കൂപ്പുകുത്തി.ജാതിയും മതവും ഫാഷനായപ്പോൾ വ്യക്തികൾ വ്യക്തികൾക്ക് ശത്രുക്കളായി മാറി.രാജ്യം രാജ്യത്തിന് ശത്രുവായി മാറി.മതം മതത്തിന് ശത്രുവായി മാറി.വർണ്ണ വർഗ്ഗ വ്യത്യാസങ്ങൾ സഹോദരങ്ങളെ തമ്മിലകറ്റി.

'' അടുത്ത് നിൽപ്പോരനുജനെ
നോക്കാനക്ഷികളില്ലാത്തോർ
അരൂപനീശനായാൾ
അതിലെന്താശ്ചര്യം''

എന്ന് ആധുനിക കവിത്രയത്തിലെ പ്രശസ്ത കവി ഉള്ളൂർ നമ്മോട് ചോദിക്കുന്നു. അടുത്ത് നിൽക്കുന്ന നമ്മുടെ സഹോദരങ്ങളെ കാണാനും അവരെ സഹായിക്കുവാനും സ്നേഹിക്കുവാനും നമുക്കായില്ലെങ്കിൽ അദൃശ്യനായിരിക്കുന്ന ദൈവത്തെ കാണാൻ സാധിക്കാത്തതിനാൽ എന്താശ്ചര്യമാണുള്ളത്.



# *MY MOTHER'S LOVE*

*MY mother is my heart....*
*my breath also my mother*
*my power is my mother*

*Our mother is our world....*
*mother it's just a word no,*
*the word came from our*
*heart*
*my mother spoil her life*
*for me...*

*she a mysterious stream*
*we don't understand, who*
*are mother*
*She is very lovely person*
*my mother, she coming*
*from,*
*my bottam of my heart*
*my mother is to help me*
*became a good person*
*and good human.....*
*she like a princess, of a*
*good person*

*she is my role modal*
*i think mother is very patient lady....*

*i think mother is simbil*
*of god.....*
*in rain drop, my mothers*
*love here...*
*mother like a wind....*
*what is our mother? The*
*answer is in the wind....*
*mother is sunlight*
*we are the flower to bloming....*
*our fragrant, our touch , our all*
*our mother.......*
*my mother ,she gives to*
*me birth*
*my mother , she gives to*
*me a smile*
*my mother,she gives to*
*me a kiss*
*my mother she gives to*
*me a lote of love*
*nothing, will be more we*
*wanted.*

# നിലവിളി

**അവൾ നിലവിളിച്ചുകൊണ്ടുവരുകയായിരുന്നു.**

*എന്താ ഏതെന്നും അറിയില്ല . അവളുടെ പുറകെ ആരോ ഉണ്ടായിരുന്നു. വീട്ടുമുറ്റത്തു നിന്നും സഹറ വിളിച്ചു ചോദിച്ചു... ആരാ നിലവിളിച്ചു കൊണ്ട് വരുന്നത് . അറിയില്ല ഉമ്മ ഒരു പാവം കുട്ടിയാ അവളുടെ പിറകെ ആരോ ഉണ്ട് . ഏതായാലും എന്തോ കുഴപ്പമുണ്ട്.എവിടെ എവിടെ ഉമ്മ ഉമ്മറത്തിണ്ണയിൽ വന്നുനോക്കി എന്റെ പടച്ചോനെ ഇത് സുഹറാന്റെ മോളല്ലെ എന്തപ്പാ കുഴപ്പം സാഹറ അവളെ പിടിച്ചു . അല്ലപ്പാ എന്താ യിപ്പം കുഴപ്പം ഇഞ്ഞാ അവർ അവർ ഞാൻ വീട്ടു മുറ്റത്ത് കളിക്കുമ്പോൾ കല്ല് എറിഞ്ഞു ഇതാ എന്റെ കയ്യിൽനിന്നും ചോര വരുന്നുണ്ട് . പടച്ചോനെ നീ കാത്തോളണേ . സഹറ നില വിളിച്ചു . എടാ കുരുത്തക്കെട്ട പിള്ളേരെ. ഇങ്ങോട്ട് വാടാ . അയൽവക്കം ഞെട്ടി ,എല്ലാവരും ചോദിച്ചു. എന്താ കുഴപ്പം അടുത്ത വീട്ടിലെ ഷാബിറും, മുഹമ്മദും , ഷാമിനയും ആയിരുന്നു ആ പാവം കുട്ടിയെ കല്ല് എറിഞ്ഞവർ . കുട്ടിയുടെ കൈയ്യിൽ നിന്നും രക്തം വാർന്നൊഴുകി . അങ്ങനെ അവിടെ വലിയൊരു ജനക്കൂട്ടം ആയി പോലീസ് വന്നു ആകെ കുഴപ്പമായി . അവളുടെ അമ്മ മരിച്ചിട്ട് ഒരു വർഷം തികഞ്ഞു പാന്നെ അവർ ഒറ്റക്കാ . ആരും ഇല്ലാത്തവർക്ക് പടച്ചോൻ ഉണ്ട് കൂടെ . അവളെ ആശുപത്രിയിൽ എത്തിച്ചു . ഷാബിറിനെയും ,മുഹമ്മദിനെയും ഷാമിന സത്യപ്രതിജ്ഞ ചെയ്തു. എനി അരെയും ഉപദ്രവിക്കില്ലെന്ന് .നമ്മുടെ നിലവിളികേൾക്കാൻ ഈ ലോകത്ത് ഉറപ്പായും ഒരാൾ ഉണ്ടാകും . അല്ലാ സഹറ നീ ഏങ്ങനെ ഇവിടെ . ഞാൻ പറയാം ആശുപത്രിയിൽ നിന്ന് അവളെ വീട്ടിലേക്ക് കൊണ്ട് പോകുന്ന വഴി . ഒരു സ്കൂട്ടി ഇടിച്ച് ഈ പരിവത്തിലായി .ഇപ്പം ആ പെൺ കുട്ടി എവിടെ? അവൾ ഇപ്പോൾ വനിത കമ്മീഷന്റെ ഓഫീസിലായണ്.*

# My lovely mother

my mother my lovely mother
mother is my god and also my life
mother is love every one but
more love to me

mother see my silly mistake and
angry with punished me
but after some time my mother
come and hug and kiss me

my mother tells more story
in the night for me
and she see the moon to look me
and eat the food for me

mother going to any shop
and join to me
and she gives the chow late

for me
every day play in the courtyard
and my mother come and
join to me and played
i am the life for my mother

i birth and after some days
over and first called my mother
mother is my life mother is my god
mother you are the person

# പ്രകൃതി

എത്ര സുന്ദരമെൻ പ്രകൃതി...

ഓർത്താൽ കൊതിയൂറുമെൻ പ്രകൃതി...

ഞാനറിയാതെയെൻ ഹ്രദയം നിറയ്ക്കും കെഴ്ചകൾ...

എന്നുമെൻ ജീവിതം നിറയ്ക്കും സാഗരം...

മുത്തു പവിഴങ്ങൾ കോർത്തിണക്കിയപോൽ
ഭംഗിയാർന്നു നിൽക്കുന്ന നാടൻ വയൽ
മാധുര്യനാധത്താൽ പാറി നടതക്കുന്ന
കുഞ്ഞികുരുവിതൻ ഈണം
കളകളമായ് ഒഴുകി മനം നിരയ്ക്കുന്ന നദി
രസകരമായ് പെയ്തിറങ്ങുന്ന ചാട്ടൽ മഴ
ആരും കൊതിക്കും മണ്ണിൻ ഗന്ദം
മനം നിറയ്ക്കും മാധുര്യ പൂക്കൾ
എത്ര സുന്ദരമീ വിഭ്ഉല ഭീമി
ഭൂമിതൻ കാന്ദിയിൽ വിടരും
മൻ പുഷ്പമീ പ്രക്രുതി
ലോകത്തിൻ മരതാനമീ പ്രക്രുതി

*shobhitha b*

# സൗന്ദര്യം

എത്രസുന്ദരമെൻപ്രകൃതി....

ഓർത്താൽ കൊതിയൂറുമെൻപ്രകൃതി....

ഞാനറിയാതെയെൻ ഹൃദയം നിറയ്ക്കും കാഴ്ചകൾ....

എന്നുമെൻ ജീവിതം നിറയ്ക്കും സാഗരം....

മുത്തുപവിഴങ്ങൾ കോർത്തിണക്കിയപോൽ....

ഭംഗിയാര്ന്നുനിൽക്കുന്ന നാടൻവയൽ....

മാധുര്യനാഥത്താൽ പാറിനടക്കുന്ന നാടക്കുന്ന

കുഞ്ഞിക്കുരുവിതൻ ഈണം....

കളകളമായ് ഒഴുകി മനസ്സുനിറയ്ക്കുന്ന നദി.....

രസകരമായ് പെയ്തിറങ്ങുന്ന ചാറ്റൽ മഴ....

ആരും കൊതിക്കും  മണ്ണിൻ ഗന്ധം....

മനം നിറയ്ക്കും മാധുര്യ പൂക്കൾ....

എത്രസുന്തരമീ വിഭല ഭൂമി....

ഭൂമിതൻ കാന്തിയിൽ വിടരും....

വൻ പഷ്പ്പമീ....പ്രകൃതി....

ലോകത്തിൻ വരതാനമീ പ്രകൃതി.......

| രാജ്യങ്ങൾ | തലസ്ഥാനങ്ങൾ |
|---|---|
| ഇന്ത്യ | ന്യൂഡൽഹി |
| പാകിസ്ഥാൻ | ഇസ്ലാമാബാദ് |
| ബംഗ്ലാദേശ് | ധാക്ക |
| ഭൂട്ടാൻ | തിംമ്പു |
| അഫ്ഗാനിസ്ഥാൻ | കാബൂൾ |
| പരാഗ്വേ | അസൻഷൻ |
| ബ്രസീൽ | ബ്രസീലിയാ |
| ബെൽജിയം | ബ്രസൽസ് |
| ചൈന | ബെയ്ജിങ് |
| റഷ്യ | മോസ്കോ |
| ഓസ്ട്രേലിയ | ക്യാൻബറോ |
| ഈജിപ്ത് | കെയ്റോ |
| അർജന്റീന | ബ്യൂണസ് അയേഴ്സ് |
| പെറു | ലിമ |
| പോർച്ചുഗൽ | ലിസ്ബൺ |
| ഫ്രാൻസ് | പാരീസ് |
| ക്യൂബ | ഹവാന |
| ബ്രൂണൈ | ബന്ദർസെറിവെഗവാൻ |
| ഡെൻമാർക്ക് | കോപ്പൻ ഹേകൻ |
| മ്യാൻമർ | റംഗൂൺ |
| ശ്രീലങ്ക | ജയവർദ്ധന കോട്ട |
| ക്യാനഡ | ഒട്ടാവ |
| ഓസ്ട്രിയ | വിയന്ന |

# സ്വപ്നത്തിലെ നിലവിളി

പണ്ട് പണ്ട് അങ്ങ് ദൂരെ ചെറിയ ഗ്രാമത്തിൽ നീതിമാനും ബുദ്ധിമാനുമായ ഒരു രാജാവുണ്ടായിരുന്നു .ആ ഗ്രാമത്തിലെ ജനങ്ങളുടെ ദൈവമായിരുന്നു ആ രാജാവ് . അങ്ങനെ അങ്ങനെ ഒരു ദിവസം ആ രാജാവിന്റെ കല്ല്യാമം അടുത്തുവന്നു അതി സുന്ദരിയും ബുദ്ധിശാലിയുമായ ഒരാളെ കല്ല്യാണം കഴിച്ചു. വളരെ ആർഭാട പൂർവ്വം ആ കവ്യ്യാണം നടന്നു പോയി ഒരുപാട് വർഷങ്ങൾക്ക് ശേഷം അവർക്കൊരു പൊന്നോമനയുണ്ടായി. അങ്ങനെ ആകുട്ടിക്ക്
ആറ് ഏഴ് വയസ്സ് പ്രായമായി അഛനെയും അമ്മയെയും പോലെ അവനും ബുദ്ധിമാനായിരുന്നു.അവന്റെ പേര് സുവർണ്ണൻ എന്നായിരുന്നു . അങ്ങനെ ഒരുപാട് രാവും പകലും കടന്നു പോയി. അവൻ പള്ളികുടങ്ങളിലേക്ക് പോകാൻ തുടങ്ങി. പന്നീട് അവൻ മുതിർന്ന് അച്ചനെ പേലെ നല്ലനിലയിലെത്തി. അവർക്ക് രരൊറ്റമോനായിരുന്നു സുവർണ്ണൻ. അവൻ തന്റെ അച്ചന്റെയു അമ്മയുടെയും മനം കാത്തു. ഒരു ദിവസം ജോലിക്കായി അങ്ങ് ദൂരെ പോയി അച്ചനും അമ്മയും പന്നീട് ഒറ്റക്കായതു പോലെയായി

# Thiruvathira

*Thiruvathira or thiruvathirai is a hindu festival celebrated in south Indian states of Kerala and Tamil- Nadu . Thiruvathira in Tamilmeans 'sacred big wave' using which this universe was created by lord shiva about 132 trillion years ago chidambaram in Tamil-Nadu ,the sree Natarajas temple 's annual festival , is celebrate on this date .*

*Origin*

*it takes place on the full moon night in the tamil month of margazhi and this is also the longest night in a year .literary and historical evidence in the form of stow inscriptions state that the festival has been celebrated on this day for more than 1500 years. Lord shiva is praised tamil by many names ,one of than is Athiraiyan,tonw thiruvathirai [thiru+athirai]*

*Tamil hyums of Moonikavasagar's thiruvasagan(pariticularly the hyuns Thiruvenpavay and Thiruppalliezhnchi)are chanted in temples instead of sanskrit mountras.on the very day of thiruvathirai the idols of Nataraja(lord shiva) and his cousort shivagami(parvathi) are taken out of the temple prewises for a grand procession it is our of the majos events in almost all the shiva temples in tamil nadu*

# വിഷുപ്പക്ഷി

അച്ഛൻ കൊമ്പത്ത് ....

അമ്മ വരമ്പത്ത് ....

അന്നു വിഷുക്കിളി പാടീ നമ്മുടെ

പുഞ്ചപ്പാടത്ത് ....

പുഞ്ചപ്പാടത്ത്....

കള്ളൻ ചക്കേട്ടു....

കണ്ടാ മിണ്ടണ്ട

ഇന്നു വിഷുക്കിളി പാടണ പാട്ടിൽ

സാരമിതല്ലല്ലോ....

സാരമിതല്ലല്ലോ....

കാടുകളെവിടെപ്പോയ് ?....

മേടുകളെവിടെപ്പോയ് ?....

ഇന്നുവിഷുക്കിളി പാടണപാട്ടിൽ

സാരമിതാണല്ലോ....

സാരമിതാണല്ലോ....

'ആരും മരം വെട്ടീ....

*കാടിനു തീയിട്ടു.....''*

# സ്വാർത്ഥത

കാവും കുളവും  തൊടിയും കടന്നെത്തി
കഥകൾ പറഞ്ഞിട്ടും  ചെറുകിളികൾ
കുട്ടികൾ കൂട്ടമായ് കളിയും ചിരിയുമായ്
ഓടിക്കളിക്കും നാലുകെട്ടും

 ചിങ്ങനിലാവും തുലാമഴയും നൽകി
കുളിരേകും തണുപ്പുമായിചുട്ടുപൊള്ളും വേനലുമായി
മനസ്സു തണുപ്പിക്കും വേനൽമഴയുമായി
പ്രകൃതി തൻ കാലചക്രം തിരിയുന്നതാർക്കുവേണ്ടി

 നമുക്കായി..........
 നാശത്തിൻ പടവാളുമേന്തി നിൽക്കും
സ്വാർത്ഥതതൻ മക്കൾക്കായി
തുറക്കുമോ നിൻ കണ്ണുകൾ ഇനിയെങ്കിലും....

ഇനിയുമെന്ത് കാണണം  നിനക്കീ ധരയിൽ   ?????

മനു ഇമ്മാനുവൽ


KSRTC
By
Vyshnav
K.M

# പ്രളയാനന്തര കേരളം

2018 ഓഗസ്റ്റ് മാസത്തിൽ കേരളത്തെയാകെ
വെള്ളത്തിലാഴ്ത്തിയ ഒരു പ്രളയം കേരളത്തിലുണ്ടായിരുന്നു . തോടും പുഴകളും കായലുകളും കരകവിഞ്ഞൊഴുകി ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിനോട് വികൃതി കാട്ടിയ ഒരു പ്രളയം
നമ്മുടെ എല്ലാം കൊണ്ടുപോയിട്ടും, ധൈര്യം കൈവിടാതെ നാം ഓരോരുത്തരും പ്രളയത്തെ
നേരിട്ടു. അതിന് നമുക്ക് ആത്മവിശ്വാസവും ധൈര്യവും നൽകിയത് കാരുണ്യത്തിന്റെ , ദയാലുക്കളായ ചില മനുഷ്യരാണ്

പ്രളയം മൂലം പല പ്രദേശങ്ങളിലും ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ അങ്ങനെ പല വിപത്തുകളും ഉണ്ടായി. ആയിരക്കണക്കിന് ജീവനും കൊണ്ടു പ്രളയം പോയി. പുത്തുമലയിലുണ്ടായ ഉരുൾപൊട്ടൽ വളരേ ഭയാനകമാണ്. അവിടെയുണ്ടായപല ജീവനുകളും മണ്ണിനടിയിലാണ്. ഇവരെ രക്ഷിക്കാൻ പല ദേശങ്ങളിലും നിന്നും പലരും എത്തി. കേരളം ഇങ്ങനെയാണ്, പരസ്പര സഹായത്തോടെ, ജാതി, മതം എന്നിവ നോക്കാതെ ഒറ്റക്കെട്ടായ് എല്ലാവരും നിന്നും പ്രളയാനന്തര കേരളം ശ്രീനാരായണ ഗുരു പറഞ്ഞതുപോലെയാണ്

ഒരു " ഒരു ജാതി, ഒരു മതം
ദൈവം മനുഷ്യന് "

എന്ന് പ്രളയത്തിൽ നിന്ന് മോചിക്കപ്പെട്ട കേരളം ആകെ നാശമായിരുന്ന സമയത്ത് കേരളത്തെ പഴയ സ്ഥിതിയിലാക്കാൻ കാരുണ്യത്തിന്റെ ഒരുപാട് നീരുറവകൾ ഉണ്ടായി അഭിനേതാക്കളും, ഉദ്യോഗസ്ഥൻമാരും എന്തിനുപുറമെ വിദ്യാർത്ഥികളായ ഞങ്ങളും

കേരളത്തെ വീണ്ടെടുക്കാൻ വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നമുക്ക് കഴിയുന്നത്രയും നൽകാം
അങ്ങനെ കേരളം പൂർവസ്ഥിയിലേക്ക് കരകയറുന്ന സമയത്താണ് വീണ്ടും ഇതേ മാസം 2019 വർഷത്തിൽ വീണ്ടും പ്രളയം വരുന്നത്
പലരേയും അധികൃതർ ദുരിതാശ്വാസക്യാമ്പുകളിലേക്ക് മാറ്റി. പലരും മരണമടഞ്ഞു പുത്തുമലയിലും കവളപ്പാറയിലും ഉരുൾപാപൊട്ടലിൽ പലരും ആ മണ്ണിൽ തന്നെ അന്ത്യവിശ്രമം കൊള്ളുന്ന കഴിഞ്ഞപ്രവശ്യം തെക്കൻ ജില്ലകളിലായിരുന്ന പ്രളയം ബാധിച്ചിരുന്നത്. പക്ഷേ ഈ പ്രവശ്യം കേരളത്തെ മുഴുവൻ പ്രളയം കൊണ്ടുപോയി ആ സമയം കേരളത്തെ രക്ഷിക്കാൻ മൽസ്യതൊഴിലാളികളും, എല്ലാവരും വിമർശിക്കുന്ന പുതതലമുറക്കാരേ ഉണ്ടായിരുന്നുള്ളൂ വീണ്ടും വീണ്ടും പ്രളയത്തെ കേരളം നേരിട്ടു ഒരുപക്ഷേ ഇനി കഴിയും എന്ന് തോന്നുന്നില്ല

ദുരിതാശ്വാസക്യാമ്പുകളിലേക്കു വേണ്ട സാധനങ്ങൾ തേടി വരുന്നവരെ പലരും കാണാത്തഭാവം നടിച്ച് പോകുമ്പോൾ അവരെ സഹായിക്കാൻ ഫുട്പാത്തിലെ തുണി കച്ചവടക്കാരനായ നൗഷാദ് എല്ലാവർക്കും ഒരു മാത്രകയായി ചാക്കുകൾ നിറയെ തുണികൾ വാരി നിറച്ചു നൗഷാദ്, വേണ്ട എന്നു പറഞ്ഞിട്ടും "ഇല്ല ഇതുകൂടി എടുത്തോളൂ "
എന്ന നൗഷാദിക്കയുടെ സ്നേഹവും കരുണയും എല്ലാവർക്കും ഒരു മാതൃകയായി, ഒരു വെളിച്ചമായി മാറി.

പല പ്രാവശ്യവും പ്രളയം വന്നു ചിലപ്പോൾ ഇനി വീണ്ടും വരാം
അതിനു കാരണം നാം ഓരോരുത്തരുമല്ലേ? ഒന്നു ചിന്തിച്ചുകഴിഞ്ഞാൽ പുഴ ഒഴുകേണ്ട പ്രദേശങ്ങളിൽ കുറച്ചുഭാഗം മണ്ണിട്ടു നാംഅവിടെ മതിലുകെട്ടി പുഴ ഒഴുകേണ്ട പ്രദേശങ്ങളിൽ നാം മതിലുകെട്ടിയാൽ
പുഴ എവിടെ ഒഴുകും? എവിടേക്ക് ഒഴുകും? അപ്പോൾപുഴയ്ക്ക് ഒഴുകാൻ സ്ഥലമില്ലാതെ വന്നപ്പോൾ പുഴ അതിനു കാതോന്നിയ സ്ഥലത്തു കൂടി ഒഴുകി. അതുപോലെ മരങ്ങൾ വെട്ടി മുറിച്ചു. മഴപെയ്ത് വെള്ളം ഭൂമിയിലേക്ക് ഒഴുക്കാതെ നാം കോൺക്രീറ്റ് ഇടുകയും ഇന്റർലോക്ക്

ഇട്ടുകയും ചെയ്തു. അപ്പോൾ മഴ പെയ്ത് വെള്ളം ഒഴുകാതെ അത് അവിടെ തന്നെ കെട്ടികിടന്നു. ഇപ്പോഴാണ് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതയ്ക്ക് ഒരു പൂർണത കിട്ടിയത്

“ ഇനിവനരന്നൊരു തലമുറക്ക്

ഇവിടെ വാസം സാധ്യമോ "

ഇനിയൊരു പ്രളയം വരാതെ നമുക്കീ കേരളത്തെ എങ്ങനെ സംരക്ഷിക്കാൻ കഴിയും. പാറകൾ പൊടിച്ച് ക്വാറികളുണ്ടാക്കിയതു കാരണം കവളപ്പാറയിൽ ഉരുൾപൊട്ടലുണ്ടായിരിക്കുന്നു. ഒരു മനുഷ്യന്റെ കൈയും കാലും പിഴുതു, വെട്ടികളഞ്ഞാൽ അവന് അവിടെ ഉറച്ചുനിൽക്കാൻ കഴിയുമോ? ഇല്ല ഇതു തന്നെയാണ് മലയുടെ കാര്യത്തിലും സംഭവിച്ചത്. പ്രളയത്തിൽ നിന്നും കേരളത്തെ സംരക്ഷിക്കാൻ നാം തന്നെയാണ് എന്തെങ്കിലും ചെയ്യേണ്ടത്. മനുഷ്യൻ തന്നെ പരിഹാരം കാണണം.

മരങ്ങൾ വെട്ടി മുറിക്കാതെ സംരക്ഷിക്കണം, ധാരാളം മരങ്ങൾ വെച്ചുപിടിപ്പിക്കണം. മലകളും വയലുകളും നികത്താതെ വെള്ളത്തിനറങ്ങുവാൻ പാകത്തിൽ സ്ഥലം ഉണ്ടാക്കണം. പുഴകളിലെ മണൽ വാരാതിരിക്കണം. സുഗതകുമാരിയുടെ കവിതയിലെന്നപോലെ

“ ഒരു തൈ നടാം നമുക്കമ്മയ്ക്കുവേണ്ടി

ഒരു തൈ നടാം കൊച്ചുമക്കൾക്കുവേണ്ടി

ഒരു തൈ നടാം നൂറു കിളികൾക്കു വേണ്ടി

ഒരു തൈ നടാം നല്ലനാളയ്ക്കുവേണ്ടി "

ഇനിയൊരു പ്രളയത്തിൽ നിന്ന് കേരളത്തെ സംക്ഷിച്ച് അതുപോലെ ഇനിയൊരു പ്രളയം വരാതെ സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

അരുണിമ OP (9B)

# കമ്മാടിയുടെ ഹൃദയാന്തരത്തിലൂടെ..................

കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ കമ്മാടിയിൽ താമസിക്കുന്ന മലക്കുടിയ വിഭാഗം
എന്നു പറയപ്പെടുന്ന പട്ടിക വർഗ വിഭാഗത്തിൽപെട്ട ഇവർ തുളു സംസാരിക്കുന്ന ജനവിഭാഗമാണ്.ആദ്യകാലങ്ങളിൽ കമ്മാടിയിൽ ഈ വിഭാഗത്തിൽപെട്ടവരായി 49 കുടുംബങ്ങളുണ്ടായിരുന്നു.എന്നാൽ ഇപ്പോൾ ഇത് 43 കുടുംബവും അതിൽ 203 അംഗങ്ങളുമായി പരിണമിച്ചു.

പണ്ടുകാലത്ത് വനത്തിൽ നായാടിയും പൊനംകൊത്തിയും, പന ചെത്തി കള്ളെടുത്തും ഉപജീവനം നടത്തിയ മലക്കുടിയ വിഭാഗക്കാർ വനത്തിൽ ഗുഹകളിലും ഏറുമാടങ്ങളിലുമാണ് ജീവിച്ചിരുന്നത്.കാട്ടിലെ പഴങ്ങൾ, കിഴങ്ങുകൾ,തേൻ,കാട്ടുമൃഗങ്ങളുടെ ഇറച്ചി,പനംകള്ള് എന്നിവയായിരുന്നു ഇവർ പ്രധാനമായും ഭക്ഷിച്ചിരുന്നത്. ആ കാലങ്ങളിൽ അസുഖങ്ങൾ മറ്റും വന്നാൽ കാട്ടിലെ പച്ചമരുന്നുകളായിരുന്നു ഉപയോഗിച്ചിരുന്നത്.കാലക്രമേണ നാട്ടിലേക്ക് വരുകയും പുനം കൊത്തി കൃഷിചെയ്തും ജീവിച്ചു.
നെല്ല്,ചാമ,തുവര,തിന എന്നിവയും പച്ചക്കറികളായ കക്കിരി,വെണ്ട,പാവൽ, പയർ അങ്ങനെ ആവശ്യമായവയെല്ലാം കൃഷിചെയ്തു.ആ കാലങ്ങളിൽ  ഉപ്പ് മാത്രമാണ് കടയിൽ പോയി വാങ്ങിയിരുന്നത്. കൂടാതെ കനത്ത ജാതിവ്യവസ്ഥ ഉണ്ടായിരുന്നു. കുടിക്കാൻ വെള്ളമോ ഭക്ഷണമോ  വീട്ടുകളിൽ കയറ്റുകയും ചെയ്തിരുന്നില്ല. കൂടാതെ പകലന്തിയോളം പണിയെടുത്താൽ ഇവരിൽ പുരുഷന്മാർക്ക് 1 രൂപയും സ്ത്രീകൾക്ക് 50 പൈസയുമായിരുന്നു കൂലി കൊടുത്തിരുന്നു.ആർക്കും വിദ്യാഭ്യാസമുണ്ടാകാതിരുന്ന ആ കാലങ്ങളിൽ കുട്ടികൾ പോലും  പണിയെടുത്ത് ജീവിച്ചിരുന്നു.

മലക്കുടിയ വിഭാഗത്തിൽപെട്ട ജനങ്ങൾ ദേവകുലത്തിൽ ജനിച്ചവരാണെന്നു പറയപ്പെടുന്ന ഇവർക്ക് ധാരാളം ആചാരനുഷ്ഠാനങ്ങളുണ്ട്.ഇവരുടെ ആരാധനമൂർത്തികൾ കരിഞ്ചാമുണ്ടി,വിഷ്ണുമൂർത്തി,ഗുളികൻ

എന്നീതെയ്യക്കോലങ്ങൾ ആയിരിന്നു.വിവാഹങ്ങൾ പോലുള്ള എല്ലാ ചടങ്ങുകളും ഒന്നിൽ കൂടുതൽ ദിവസം നീണ്ടുനിന്നിരുന്നു. പ്രത്യേക പാട്ടുപാടി നൃത്തം ചെയ്യുകയും

സ്ത്രീകളും പുരുഷന്മാരും ഇതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.ആഭരണങ്ങൾ ഇല്ലായിരുന്ന പകരം ഏലമാലകൾ ഉപയോഗിച്ചു.അതുപോലെ തിരണ്ടമംഗലം, കാതുകുത്തൽ പോലുള്ള ആചാരങ്ങളും അക്കാലത്ത് ആഘോഷിച്ചിരുന്നു. ആർക്കും വിദ്യാഭ്യാസമില്ലാതിരുന്ന മലക്കുടിയ വിഭാഗക്കാരിൽ ഇപ്പോൾ ഊരുമൂപ്പനായ K B വെള്ളിയപ്പയ്ക്കു മാത്രമേ കുറച്ചെങ്കിലും വിദ്യാഭ്യാസമുണ്ടായിരുന്നുള്ളൂ. അദ്ദേഹമാണ് കുറച്ചുപേരെയെങ്കിലും സാക്ഷരതയിലേക്ക് കൈപിടിച്ചുയർത്തിയത്.കൂടാതെ വെള്ളിയപ്പ നല്ലൊരു എഴുത്തുകാരൻ കൂടിയായിരുന്നു.പ്രധാനമായും മന്ത്രവാദപ്പാട്ടുകളാണ് രചിച്ചിരുന്നത്.ഐതീഹ്യകഥകളാണ് പാട്ടെഴുതുമ്പോൾ അടിസ്ഥാനമാക്കിയിരുന്നത്. എന്നാൽ പാട്ടുകൾ പുസ്തകരൂപത്തിലാക്കിയിട്ടില്ല.മലക്കുടിയ വിഭാഗക്കാർ താമസിച്ചിരുന്ന കമ്മാടിയിൽ മോഷണങ്ങൾ പോലുള്ള കേസുകൾ ഇല്ലായിരുന്നു.

ഇപ്പോൾ കേരളത്തിൽ സാക്ഷരത പരിപാടികൾ വന്നതോടുകൂടി മലക്കുടിയ വിഭാഗത്തെ കേരളത്തിന്റെ മുഖ്യ ധാരയിലേക്ക് കൈപിടിച്ചുയർത്തി. ശക്തമായ ഗവൺമെന്റിന്റെ ആനുകൂല്യത്താൽ വിദ്യാഭ്യാസം ലഭിച്ച് ജോലി ലഭിക്കുന്ന സ്ഥിതിയിലായെങ്കിലും ഇവർ അവരുടെ സംസ്കാരം കൈവിടാതെ ആചാരങ്ങളും അനുഷ്ഠാനങ്ങളും നടത്തി ജീവിക്കുന്നു. ഈ മലക്കുടിയ വിഭാഗക്കാരുടെ ജീവിതം പുതുതലമുറക്കാർക്ക് നല്ലൊരു മാതൃകയാണ്.

അരുണിമ.ഒ.പി


Kerala Infrastructure and Technology for Education
Little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ. ടി. ക്ലബ്ബ്
നമ്പർ : LK/2018/12067
ഗവ.ഹൈസ്കൂൾ, പാണത്തൂർ
0467 2227050

# ശുഭം